മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

പരുമല സെമിനാരി

2002 മാർച്ച് 20

അദ്ധ്യക്ഷപ്രസംഗം

പൗരസ്ത്യ കാതോലിക്കയുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായ തോമസ് മാർ തിമോത്തിയൊസ് തിരുമേനി, നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരെ, സമാദരണീയനായ ജസ്റ്റീസ് ശ്രീ. വി. എസ്. മളിമഠ്, വാത്സല്യമുള്ള വൈദികരെ, വൈദിക അത്മായ ട്രസ്റ്റിമാരെ, മലങ്കര സഭയുടെ അരുമസന്താനങ്ങളായ പള്ളിപ്രതിപുരുഷന്മാരെ, സുഹൃത്തുക്കളെ,

ഭാരതത്തിൽ തന്റെ സഭയെ നട്ടുവളർത്തി അതിനെ ആഗോള സഭയായി ഉയർത്തിയ സർവ്വശക്തനായ ദൈവത്തിന് നന്ദി നിറഞ്ഞ ഹൃദയത്തോടും ദൈവസ്നേഹത്തിൽ പൂരിതമായ ആത്മാവോടും കൂടി സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. വാർദ്ധക്യത്തിന്റെ പ്രയാസങ്ങൾ വിസ്മരിച്ചുകൊണ്ടും വർദ്ധിച്ച സന്തോഷത്തോടും ആത്മ നിർവൃതിയോടും കൂടിയാണ് നാം നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. ഇപ്രകാരം ഒരവസരത്തിനു വേണ്ടി നാം ഏറെ പ്രാർത്ഥനയോടെ ദൈവത്തിൽ ആശ്രയിച്ചു. മലങ്കര സഭയുടെ തനിമയും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് ചരിത്രത്തിന്റെ ഗതിവിഗതികൾക്കു നടുവിൽ നിർണ്ണായകമായ അഗ്നിശോധനകൾ നാം നേരിടേണ്ടി വന്നു. എങ്കിലും അതിജീവനത്തിന്റെ ആത്മാവ് കഴിഞ്ഞ കാലങ്ങളിൽ സഭയിൽ ശക്തമായി പരിലസിച്ചുകൊണ്ടിരുന്നു. ഇന്ന് ഈ നിർണ്ണായക ദിവസവും മറ്റൊരു അതിജീവനത്തിന്റെ സന്ദേശം ആണ് നമുക്കു ലഭിക്കുന്നത്. അതിന് ഇടയാക്കിയ പരമകാരുണികനായ ദൈവത്തെ നാം വീണ്ടും നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തുതിക്കുന്നു. ഈ അസോസിയേഷൻ നീതിപൂർവ്വമായും സത്യസന്ധമായും നിർവിഘ്നം നടത്തുന്നതിന് നമ്മെ സഹായിക്കുവാൻ ബഹു. സുപ്രീം കോടതിയാൽ നിയമിതനായ കേരളാ ഹൈക്കോടതിയുടെ മുൻ ചീഫ് ജസ്റ്റിസ് ശ്രീ. വി. എസ്. മളിമഠിനോടും പ്രശ്നമുഖരിതമായ കാലയളവിൽ ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു തന്ന മാറിമാറി വന്ന സർക്കാരുകളോടും ഇത്രയും കാലം ക്ഷമയോടുകൂടി ഈ അവസരത്തിനുവേണ്ടി കാത്തിരുന്ന നമ്മുടെ സഹോദരമെത്രാപ്പോലീത്തന്മാരോടും, കോർ- എപ്പിസ്ക്കോപ്പാമാരോടും, റമ്പാൻമാരോടും, വൈദികരോടും, സന്യാസിസന്യാസിനികളോടും, മലങ്കരസഭയുടെ അരുമസന്താനങ്ങളായ എല്ലാ സത്യവിശ്വാസികളോടും, പരി. സഭയുടെയും നമ്മുടെയും അഭ്യുദയകാംക്ഷികളായ ഏവരോടുമുള്ള നന്ദിയും സ്നേഹവും നാം ആമുഖമായി അറിയിക്കുന്നു.

മലങ്കര സഭയുടെ പ്രഖ്യാപിത പരിശുദ്ധനും പിതാവുമായ പരുമല തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന ഈ പാവനസ്ഥലത്തുവെച്ച് വീണ്ടും ഒരു അസോസിയേഷൻ യോഗം കൂടുവാൻ ഇടയായത് ദൈവനിയോഗമായി നാം കരുതുന്നു. മലങ്കര സഭാമക്കൾക്കും പ്രത്യേകിച്ച് ഈ യോഗത്തിനും പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയും കാവലും കോട്ടയായിരിക്കും.

മലങ്കര ഓർത്തഡോക്സ് സഭയെ വിശ്വാസപൈതൃകത്തിൽ വഴിനടത്തിയ നമ്മുടെ മുൻഗാമികളായ എല്ലാ ശ്രേഷ്ഠപിതാക്കന്മാരെയും, കാലയവനികയ്ക്കുള്ളിൽ മൺമറഞ്ഞു പോയ എല്ലാ പിതാക്കന്മാരെയും നാം ഇത്തരുണത്തിൽ സ്മരിക്കുന്നു.

മുൻപ് നടന്ന അസോസിയേഷൻ യോഗങ്ങളിൽ സംബന്ധിച്ചിട്ടുള്ള സഹോദരമെത്രാപ്പോലീത്തൻമാരെ കൂടാതെ സുപ്രീംകോടതി വിധിയുടെ അന്തസത്ത ഉൾക്കൊണ്ട് മലങ്കര സഭയുടെ യോജിപ്പിനെ കരുതി ധീരമായ ഉറച്ച നിലപാടെടുത്ത അഭി. ഏബ്രഹാം മാർ സേവേറിയോസ്, തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, സക്കറിയാസ് മാർ നിക്കോളാവാസ് എന്നീ തിരുമേനിമാരെയും നാം ഹാർദ്ദവമായി അസോസിയേഷനിലേക്ക് സ്വാഗതം ചെയ്യുന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ ഈ യോഗത്തിൽ സംബന്ധിക്കുന്നതിന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് ഇവിടെ എത്തി

...2

യിട്ടുള്ള നിങ്ങളെ ഏവരെയും സ്വാഗതം ചെയ്യുന്നതിൽ നമുക്ക് അനൽപമായ സന്തോഷം ഉണ്ട്. കേരളത്തിൽ നിന്ന് മാത്രമല്ല, കേരളത്തിന് പുറത്ത് ഇൻഡ്യക്കുള്ളിലുള്ള വിവിധ മെത്രാസനങ്ങളിൽ നിന്നും, ഇൻഡ്യക്ക് വെളിയിൽ മലേഷ്യ, സിംഗപ്പൂർ, ആസ്ത്രേലിയ എന്നീ പൂർവ്വദേശങ്ങളിൽ നിന്നും, അറേബ്യൻ ഗൾഫ് രാജ്യങ്ങളിൽ നിന്നും, അമേരിക്ക, യു. കെ, യൂറോപ്പ്, കാനഡ, ആഫ്രിക്ക, തുടങ്ങിയ രാജ്യങ്ങളിൽ നിന്നും, യാത്രാക്ലേശങ്ങൾ സഹിച്ച് നിങ്ങൾ ഇവിടെ എത്തിയിട്ടുള്ളത്, സഭാമാതാവിനോടുള്ള നിങ്ങളുടെ ഭയഭക്തിയുടെയും പരി. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനമായ കാതോലിക്കാ സിംഹാസനത്തോടും നിങ്ങൾക്കുള്ള കൂറിന്റെയും മലങ്കര സഭാ ഭരണഘടനയോടുള്ള നിങ്ങളുടെ വിധേയത്വത്തിന്റെയും പ്രത്യക്ഷപ്രകടനം ആണ് എന്നുള്ളതിന് സംശയമില്ല. മലങ്കര സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ നമ്മോടുള്ള നിങ്ങളുടെ ആദരവിനെയും ഇത് വെളിപ്പെടുത്തുന്നു. വാത്സല്യമക്കളേ, നിങ്ങളുടെ ഭക്തിയും കൂറും സഭാസ്നേഹവും കാണുമ്പോൾ നമ്മുടെ ഹൃദയം സന്തോഷം കൊണ്ട് നിറയുന്നു. നമ്മുടെ വാർദ്ധക്യത്തിന്റെ സന്തോഷവും, കിരീടവും നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരും, വൈദികരും സന്യാസി സന്യാസിനികളും, സത്യവിശ്വാസികളായ അത്മായക്കാരും ആണ് എന്ന് നാം വിശ്വസിക്കുന്നു. നിങ്ങളെപ്രതി കാരുണ്യവാനായ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. നിങ്ങൾക്കുവേണ്ടി നാം ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതിശീഘ്രം വളർന്നു കൊണ്ടിരിക്കുന്ന ഒരു പുരാതനസഭയെയാണ് നിങ്ങൾ പ്രതിനിധീകരിക്കുന്നത്. 126 വർഷങ്ങൾക്കു മുമ്പ് ഈ അസോസിയേഷൻ രൂപീകൃതമായപ്പോൾ കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള പ്രദേശത്തെ ഏകദേശം 100 പള്ളികളിൽ നിന്നുള്ള പ്രതിപുരുഷൻമാരാണ് അതിൽ സംബന്ധിച്ചത്. എന്നാൽ ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 1244 പള്ളികളിൽ നിന്ന് 4039 പള്ളിപ്രതിപുരുഷന്മാർ ഇവിടെ സമ്മേളിച്ചിരിക്കുന്നത് കാണുമ്പോൾ നാം ആനന്ദം കൊണ്ടു നിറയുകയും അഭിമാനം കൊണ്ട് പുളകംകൊള്ളുകയും ചെയ്യുന്നു. മലങ്കര സഭ ഇന്ന് ഒരു സാർവ്വത്രിക സഭയായി ഉയർന്നിരിക്കുന്നു.

അസോസിയേഷൻ യോഗങ്ങളുടെ ചരിത്രം പരിശോധിച്ചാൽ പ്രത്യേകം എടുത്തു പറയേണ്ട ചില അസോസിയേഷൻ യോഗങ്ങളുണ്ട്. 1876-ൽ മുളന്തുരുത്തിയിൽ വെച്ച് അസോസിയേഷൻ യോഗങ്ങൾക്ക് തുടക്കം കുറിച്ചു. 1934-ൽ കോട്ടയത്ത് കൂടിയ അസോസിയേഷൻ യോഗം മലങ്കരസഭാ ഭരണഘടനയ്ക്ക് രൂപം നൽകി. പ്രസ്തുത യോഗത്തിൽ വച്ച് കാതോലിക്കാ സ്ഥാനവും മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും ഒരാളിൽ നിക്ഷിപ്തമായി. 1958-ലെ ബഹു. സുപ്രീം കോടതി വിധിക്കുശേഷം സഭയിൽ സമാധാനം ഉണ്ടാവുകയും ഇരുവിഭാഗവും ചേർന്ന് പുത്തൻകാവിൽ വെച്ച് യോഗം കൂടി വൈദിക ട്രസ്റ്റിയെയും അത്മായ ട്രസ്റ്റിയെയും തെരഞ്ഞെടുത്തു. ഇന്ന് ഇവിടെ കൂടുന്ന അസോസിയേഷൻ യോഗം ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു അസോസിയേഷൻ യോഗം ആണ്. ഇൻഡ്യയുടെ പരമോന്നത കോടതിയുടെ നിർദ്ദേശാനുസരണം ഇരുവിഭാഗങ്ങളും യോജിച്ച് നടത്തുന്നതാണ് ഈ യോഗം.

1934-ൽ ക്രോഡീകരിച്ച സഭാഭരണഘടനയെ സംബന്ധിച്ച് ഒരു വാക്ക്. കാതോലിക്കേറ്റ് പുനഃസ്ഥാപനം സംബന്ധിച്ച് 1912-ൽ ഭാഗ്യസ്മരണാർഹനായ അന്ത്യോക്യാ പാത്രിയർക്കീസ് അബ്ദുൽ മിശിഹാ ബാവാ തിരുമനസ്സുകൊണ്ട് പുറപ്പെടുവിച്ച കല്പനയിൽ (A-14) മലങ്കരസഭയുടെ വിശുദ്ധിയും നിർമ്മലതയും നിർവിഘ്നം കാത്തു സൂക്ഷിക്കുന്നതിനും അന്ത്യോക്യാ സിംഹാസനവുമായുള്ള ബന്ധം ഉറപ്പിക്കുന്നതിനും കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കുമെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അദ്ദേഹം മലങ്കരയിൽ കാതോലിക്കോസിനെ വാഴിച്ചുതന്നത്. "കാതോലിക്കോസും നിങ്ങളുടെ ഇടയന്മാരായ മേൽപട്ടക്കാരും നിങ്ങളുടെ എല്ലാ ആവശ്യങ്ങളും നടത്തിതരുന്നതാണെന്നും ഒരു കാതോലിക്കാ കാലം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയായി മറ്റൊരു കാതോലിക്കായെ വാഴിക്കുന്നതിനുള്ള അധികാരം മലങ്കരയിലുള്ള മേല്പട്ടക്കാരിൽ നിക്ഷിപ്തമാണെന്നും 1912-ൽ പുറപ്പെടുവിച്ച കല്പനയിൽ പ്രതിപാദിച്ചിട്ടുണ്ട്. പാത്രിയർക്കീസ് ബാവായുടെ മേൽപറഞ്ഞ കല്പനയുടെ അടിസ്ഥാനത്തിലാണ് അന്ത്യോക്യാ സിംഹാസനവും മലങ്കരസഭയുമായുള്ള ബന്ധം നിലനിർത്തതക്കവണ്ണം 1934-ൽ ഒരു ഭരണഘടനയ്ക്ക് രൂപം നൽകിയത്. അബ്ദുൽ മിശിഹാ പാത്രിയർക്കീസ് ബാവായുടെ കല്പനയും 1934-ലെ സഭാ ഭരണഘടനയും ബഹു. സുപ്രീംകോടതി അംഗീകരിച്ചിട്ടുണ്ട്. അത് അന്ത്യോക്യാ പാത്രിയർക്കീസിനെയും മലങ്കരസഭാംഗങ്ങളെയും ബന്ധിക്കുന്നതാണെന്നും ബഹു. സുപ്രീം കോടതി പ്രഖ്യാപിച്ചിട്ടുണ്ട്.

1934 - ൽ പാസ്സാക്കിയ ഭരണഘടനയുടെ പ്രാബല്യം മലങ്കരസഭയിലുള്ള എല്ലാ മെത്രാസനങ്ങളെയും സഭാംഗങ്ങളെയും ബന്ധിക്കുന്നതാണെന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

മേൽപറഞ്ഞ പ്രകാരമുള്ള ഭരണഘടനാ വ്യവസ്ഥകൾ അഭംഗുരം പാലിക്കപ്പെടണമെന്നും അതനുസരിച്ച് മലങ്കരസഭാ ഭരണം നടത്തണമെന്നും മാത്രമേ മലങ്കര സഭ ആഗ്രഹിക്കുന്നുള്ളൂ. സഭാ ഭരണഘടന പ്രകാരം ഇടവകകൾ ഭരിക്കപ്പെടണമെന്നല്ലാതെ ഇടവകസ്വത്തുക്കൾ കൈയ്യടക്കണമെന്ന് മലങ്കര സഭ ആഗ്രഹിക്കുന്നില്ല. ഏതൊരു സമൂഹത്തിന്റെയും കെട്ടുറപ്പിനും വളർച്ചക്കും ശിക്ഷണവും അച്ചടക്കവും ആവശ്യമാണല്ലോ?

ലോകത്തിലെ ഏറ്റവും വലിയ ജനായത്ത പാർലമെന്റ് എന്ന് നിസന്ദേഹം പറയപ്പെടാവുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ അംഗങ്ങളായ നിങ്ങളുടെ ഭാരിച്ച ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് നിങ്ങൾ തികച്ചും ബോധവാന്മാരാണെന്ന് നമുക്കുറപ്പുണ്ട്. നമ്മുടെ സഭ ഒരു എപ്പിസ്ക്കോപ്പൽ സഭയാണ്. എപ്പിസ്ക്കോപ്പസിയും ജനായത്തവും മനോഹരമായി ഒരുമിച്ച് ഇണക്കി ചേർത്തിട്ടുള്ള വിശിഷ്ടമായ ഒരു ഭരണഘടനയും സംവിധാനവുമാണ് നമുക്കുള്ളത്. മലങ്കരസഭാ ഭരണഘടനപ്രകാരം നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന പരിപാവനമായ കർത്തവ്യ നിർവ്വഹണത്തിനാണല്ലോ നിങ്ങൾ ഇവിടെ സമ്മേളിച്ചിരിക്കുന്നത്. സഭാ മാനേജിംഗ് കമ്മറ്റിയിലേക്ക് 37 പട്ടക്കാരെയും 74 അയ്മേനികളെയും നിങ്ങൾ ഇന്ന് തെരഞ്ഞെടുക്കുകയാണ്. മലങ്കര സഭയുടെ പൗരാണികവും സനാതനവുമായ പാരമ്പര്യ വിശ്വാസസത്യങ്ങളെ അഭംഗുരം കാത്തു പരിപാലിക്കുന്ന സഭയുടെ കാവൽഭടന്മാരും മാർഗദർശികളും ആണല്ലോ മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ. സഭാ കാര്യങ്ങൾ ചുമതലാബോധത്തോടും ത്യാഗമനോഭാവത്തോടും സഭാസ്നേഹത്തോടും കൂടെ നടത്തിക്കൊണ്ടുപോകുവാൻ കഴിവുള്ള ഉത്തമരായ വ്യക്തികളെ ആയിരിക്കും നിങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നതെന്ന് നാം വിശ്വസിക്കുന്നു.

മറ്റ് പൗരസ്ത്യ സഭകളെപ്പോലെ മലങ്കരസഭയ്ക്കും അപ്പൊസ്തോലികത്വവും പാരമ്പര്യവും പൗരാണികത്വവും അവകാശപ്പെടുവാൻ സാധിക്കും. ഇവ അന്യൂനം നിലനില്ക്കുന്ന വസ്തുതകൾ ആണ്. അത് നിലനിർത്തേണ്ടത് എന്റെയും നിങ്ങളുടെയും ചുമതലയും. ഇന്ന് മലങ്കരസഭ പൗരസ്ത്യ ഓർത്തഡോക്സ് സഭകൾക്കിടയിൽ അനിഷേധ്യമായ സ്ഥാനവും ബഹുമതിയും ആർജ്ജിച്ചിട്ടുണ്ട്. ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിന്റെ ആധുനിക ചരിത്രം രൂപപ്പെടുത്തുന്നതിൽ മലങ്കരസഭയുടെ മക്കളായ ദൈവശാസ്ത്ര പണ്ഡിതന്മാരുടെ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടും. പൗരസ്ത്യസഭയുടെ അപ്പൊസ്തോലികമായ വിശ്വാസവും ആരാധനയും അനുഷ്ഠാനങ്ങളും അഭംഗുരം മലങ്കരയിൽ പാലിക്കപ്പെട്ടതുകൊണ്ടാണ് ആഗോളസഭയ്ക്ക് പൊതുവായും പൗരസ്ത്യ സഭകൾക്ക് പ്രത്യേകിച്ചും നേതൃത്വസംഭാവനകൾ നൽകുവാൻ ഭാരതത്തിലെ നമ്മുടെ പുരാതന സഭയ്ക്ക് സാധിച്ചത്. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽവെച്ച് പൂർണ്ണമായ അർത്ഥത്തിൽ രാഷ്ട്രീയ സ്വാതന്ത്ര്യവും, സ്വതന്ത്രമായ പ്രവർത്തനസാഹചര്യങ്ങളും ലഭിച്ചത് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് മാത്രമാണ്. ഈ വലിയ പദവിയിൽ നമ്മുടെ രാജ്യത്തോടും അതിന്റെ പ്രസിദ്ധമായ ജനായത്ത മതേതര ഭരണസംവിധാനത്തോടും, സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായവ്യവസ്ഥയോടും നാം കടപ്പെട്ടിരിക്കുന്നു.

ദീർഘമായ വ്യവഹാരങ്ങളിൽ നിന്നും മോചിതമാകുന്ന ഈ സാഹചര്യത്തിൽ ഒരു ആത്മീയ മുന്നേറ്റത്തിനുള്ള വെല്ലുവിളിയാണ് നാം ആദ്യം ഏറ്റെടുക്കേണ്ടത്. നമ്മുടെ അന്തരംഗങ്ങളിൽ ദൈവസാന്നിദ്ധ്യബോധവും ദൈവഭയവും വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന ആരാധനാജീവിതം അനിവാര്യമാണ്. ദൈവിക ശബ്ദത്തോടു ക്രിയാത്മകമായി പ്രതികരിക്കുവാനും, ഭൗതികനേട്ടങ്ങളുടെ സാദ്ധ്യതകൾ നോക്കാതെ സേവനശുശ്രൂഷാരംഗങ്ങളിലേക്ക് കടന്നുവരാനും തയ്യാറാകുന്ന വിശ്വാസികളുടെ സമൂഹം എന്നും സഭയുടെ നിലനില്പിന്റെ അടിസ്ഥാനശിലയാണ്. ആത്മീയ ദർശനവും ത്യാഗമനോഭാവവുമുള്ള വൈദികരും, കർമ്മശേഷിയുള്ള ഒരു വലിയ സന്യാസസമൂഹവും വിവേകവും ആത്മീയ പക്വതയും സേവനസന്നദ്ധതയുമുള്ള ഒരു അൽമായ നേതൃനിരയും എല്ലാവർക്കും അവരവരുടെ പങ്കു നിർവ്വഹിക്കാൻ സാധിക്കുന്ന സ്വീകാര്യമായ ഒരു കർമ്മ പദ്ധതിയും സഭയുടെ വരുംകാല പ്രവർത്തനത്തിന് അനുപേക്ഷണീയമായ ഘടകങ്ങളാണ്. ആത്മീയവും സാമൂഹികവുമായ മേഖലകളിൽ ക്രിസ്തീയ ദൗത്യം കാര്യക്ഷമമായി നിർവ്വഹിക്കാൻ തക്കവണ്ണം അടുത്ത 10 വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി പരി. സുന്നഹദോസ് ആവിഷ്കരിച്ചു കഴിഞ്ഞു.

വിവിധ ക്രൈസ്തവസഭകളുമായുള്ള ബന്ധം ദൈവകരുണയാൽ കൂടുതൽ സജീവമാകുന്നതിൽ നാം സന്തോഷിക്കുന്നു. ഇന്ന് ലോകത്തുള്ള എല്ലാ സഭകളോടുമൊപ്പം മലങ്കര ഓർത്തഡോക്സ് സഭയുടെ സ്ഥാനവും മുൻപന്തിയിൽ തന്നെ. എല്ലാ ക്രൈസ്തവ സഭകളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിച്ച് ക്രിസ്തീയ ഐക്യവും ബന്ധവും കൂടുതൽ സുദൃഢമാക്കുവാൻ നാം യത്നിക്കണം.

മലങ്കരസഭയിൽ അനുരഞ്ജനവും സമാധാനവും കൈവരുത്തുവാൻവേണ്ടി 1995 - ലെ ബഹു. സുപ്രീം കോടതി വിധിക്കുശേഷം നാം നടത്തിയ പരിശ്രമങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഈ കാര്യത്തിൽ നമ്മുടെ സഹോദരമെത്രാപ്പോലീത്തന്മാരും, വൈദികരും, ജനങ്ങളും നമ്മോടൊപ്പം നിന്ന് പ്രവർത്തിച്ചത് നാം നന്ദിയോടെ സ്മരിക്കുന്നു. മലങ്കരസഭ ഒന്നാണെന്നും നിർഭാഗ്യവശാൽ അതിൽ രണ്ട് കക്ഷികൾ ഉണ്ടായെങ്കിലും എല്ലാവരും സ്വീകരിക്കുന്ന 1934 - ലെ ഭരണഘടനയുടെയും കാതോലിക്കേറ്റിന്റെയും അടിസ്ഥാനത്തിൽ ഇരുകക്ഷികളും ഒന്നിച്ച് വീണ്ടും ഒരു സഭയാകണമെന്നാണ് നമ്മുടെ രാജ്യത്തെ പരമോന്നത നീതിന്യായകോടതി നമ്മെ ഉപദേശിച്ചത്. മലങ്കരസഭയെക്കുറിച്ചുള്ള ഈ മഹത്തായ ലക്ഷ്യം കൈവരിച്ച് മലങ്കരസഭയുടെ മക്കളെ വ്യവഹാരങ്ങളിൽ നിന്നും കലഹങ്ങളിൽനിന്നും മോചിപ്പിക്കുവാൻ നാം ആത്മാർത്ഥമായി ശ്രമിച്ചുവെന്ന് ദൈവസന്നിധിയിൽ ഉത്തമ മനഃസാക്ഷിയോടെ നാം പറയുന്നു.

ബഹു. സുപ്രീംകോടതി ഉത്തരവനുസരിച്ച് വിളിച്ചുകൂട്ടപ്പെട്ടിരിക്കുന്ന ഈ മലങ്കര അസോസിയേഷൻ യോഗത്തോടുകൂടി മലങ്കരസഭയിൽ കക്ഷികൾ ഇല്ലാതാകുകയാണ്. പൂർണ്ണമായ അനുരഞ്ജനത്തിലേക്കുള്ള നിർണ്ണായകവും നിയമവിധേയവുമായ പടിയാണ് ഇന്ന് ഈ മഹാസമ്മേളനത്തിൽ നാം ചവിട്ടി കയറുന്നത്. ഇനിയും നാം പുറകോട്ടു തിരിഞ്ഞുനോക്കുകയില്ല. ഇനിയും നാം നിശ്ചലമായി നില്ക്കുകയില്ല. ഇനിയും നാം കലഹത്തിന്റെയും വിദ്വേഷത്തിന്റെയും ഇരുണ്ടവഴിയിൽ ഇടറിപ്പോകുകയില്ല. നമ്മെയെല്ലാം സത്യത്തിന്റെ പൂർണ്ണതയിലേക്ക് വഴിനടത്തുന്ന പരിശുദ്ധാത്മാവിൽ ആശ്രയിച്ചുകൊണ്ട് പ്രകാശപൂർണ്ണമായ ഭാവിയിലേക്ക് നാം ഒരുമിച്ച് നടന്നുകയറും. സമാധാനം നിരന്തരമായ ഒരു പ്രയാണവും തുടർച്ചയായ ഒരു പ്രക്രിയയുമാണ്. മഹത്തായ ഈ പ്രയാണത്തിൽ മലങ്കരസഭയുടെ വാതായനങ്ങൾ നാം തുറന്നിടും. ആരെയും തള്ളിക്കളയുവാനോ അവഗണിക്കുവാനോ നാം ഒരുമ്പെടുകയുമില്ല. മലങ്കരസഭയുടെ എല്ലാ വാത്സല്യമക്കളെയും വൈദികസ്ഥാനികളെയും ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ രാജ്യത്ത് സ്നേഹത്തിന്റെയും സേവനത്തിന്റെയും വെളിച്ചം വിതറുന്ന ശ്രേഷ്ഠമായ ഒരു ആത്മീയ തീർത്ഥാടനത്തിന് നാം ഇവിടെ ആരംഭം കുറിക്കുകയാണ്. ഈ കാര്യത്തിൽ നിങ്ങൾ ഏവരുടെയും പ്രാർത്ഥനയും സഹകരണവും നമുക്കുണ്ടാകുമെന്ന് നാം വിശ്വസിക്കുന്നു.

ദൈവം പരിശുദ്ധ സഭയെയും നമ്മെ ഓരോരുത്തരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ